**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** | **18-09-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്കായി നടപ്പാക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് നിർമ്മിക്കാൻ അനുമതി ലഭ്യമായത്; അതിൽ എത്ര വീടുകളുടെ നിർമാണം പൂർത്തിയായിട്ടുണ്ട്; ബാക്കി വീടുകൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | കരാർ വെച്ചത് - 493<br><br>നിർമ്മാണം പൂർത്തിയാക്കിയത് -380<br><br>അവശേഷിക്കുന്നത്-113<br><br>നിർമ്മാണം ആരംഭിച്ചത്-19<br><br>ബേസ്മെന്റ്- 24<br><br>ലിന്റൽ - 28<br><br>റൂഫ് -18<br><br>നിർമ്മാണം ആരംഭിക്കാത്തത് - 24 |
| (ബി) | 2021-25 കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; അപ്രകാരം അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ; | (ബി) | 2021-25 കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ വട്ടുകുന്നപ്പുഴ നഗറിന്റെ 55% വർക്ക് പൂർത്തികരിച്ചു. ഉഴവൂർ ഗ്രാമ പഞ്ചായത്ത് ആച്ചിക്കൽ നഗറിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന നടപടി പുരോഗമിക്കുന്നു. മധുരവേലി ITI നഗറിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ആച്ചിക്കൽ, മധുരവേലി നഗറുകളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; മധുരവേലി ഐ.ടി.ഐ. നഗറിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ആച്ചിക്കൽ ഐ.എച്ച്.ഡി.പി അംബേദ്കർ ഗ്രാമ പദ്ധതിയുടെ എസ്റ്റിമേറ്റിന് 25/03/2025 ന് ഭരണാനുമതി നൽകിയെങ്കിലും 2025 ഏപ്രിൽ 1 മുതൽ 2021 DSR പ്രകാരമുള്ള നിരക്കുകൾ പ്രാബല്യത്തിൽ വന്നതിനാൽ പുതുക്കിയ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി കോട്ടയം ജില്ലാ നിർമ്മിതിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മധുരവേലി ITI നഗർ നവീകരണത്തിനായി ഏജൻസി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആച്ചിക്കൽ നഗറിന്റെ സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (ഡി) | ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി പാലാ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കടുത്തുരുത്തി മണ്ഡലത്തിൽ ബാക്കി വരുന്ന 51 വീടുകളിൽ എത്രയാണ് പൂർത്തീകരിക്കാതിരിക്കുന്നതെന്നും അവയുടെ നിലവിലെ നിർമ്മാണഘട്ടം എന്താണെന്നും അറിയിക്കാമോ? | (ഇ) | 51 വീടുകളിൽ 10 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>ബാക്കിയുള്ളത് - 41 വീടുകൾ<br><br>ആരംഭിച്ചത് - 5<br><br>ബേസ്മെന്റ് - 12<br><br>ലിന്റിൽ - 13<br><br>റൂഫ് - 7<br><br>നിർമ്മാണം ആരംഭിക്കാത്തത് - 4 |

സെക്ഷൻ ഓഫീസർ